"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ് - ജീവനക്കാര്യം - കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സുനു എസ് - ന്റെ പ്രൊബേഷൻ പ്രഖ്യാപിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇ എ) വകുപ്പ്**

സ.ഉ.(സാധാ) നം.563/2024/AGRI തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-
1. 26/09/2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 849/2022/കൃഷി
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 16/01/2024 ലെ ADFW/12759/2023-SB4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായി പരാമർശം (1) ഉത്തരവ് പ്രകാരം 29/09/2022 പൂർവ്വാഹ്നം ജോലിയിൽ പ്രവേശിച്ച ശ്രീമതി സുനു എസ്-ന്റെ ജോലിയും സ്വഭാവവും തൃപ്തികരമാണെന്നും ടിയാൾക്കെതിരെ വിജിലൻസ് അന്വേഷണമോ /അച്ചടക്ക നടപടിയോ നിലവിലില്ലെന്നും പ്രൊബേഷൻ കാലയളവിൽ ടിയാൻ പ്രൊബേഷനെ ബാധിക്കുന്ന അവധികളൊന്നും വിനിയോഗിച്ചിട്ടില്ല എന്നും അതിനാൽ ടിയാളുടെ പ്രൊബേഷൻ 29/03/2023 പൂർവ്വാഹ്നം പൂർത്തീകരിച്ചതായി പ്രഖ്യാപിക്കാവുന്നതാണെന്നും പരാമർശം (2) കത്ത് പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ സർക്കാരിലേക്ക് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 29/09/2022 പൂർവ്വാഹ്നം കൃഷി അസിസ്റ്റന്റ് ഡയറക്ടറായി ജോലിയിൽ പ്രവേശിച്ച ശ്രീമതി. സുനു എസ് -ന്റെ കൃഷി അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ പ്രൊബേഷൻ 29/03/2023 പൂർവ്വാഹ്നത്തിൽ പൂർത്തീകരിച്ചതായി പ്രഖ്യാപിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

VALSALA S D

ഡെപ്യൂട്ടി സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ശ്രീമതി സുനു എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം).

കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/127/2024-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ